Sl. No.

# SSLC EXAMINATION, MARCH - 2020
## MALAYALAM
### First Language - Paper I

Time : 1½ Hours

Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

Score

1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. **4x1=4**

1. "ഭൂമിക്കൊപ്പം അഴലിൻ ചുമടു -

   മായിരിക്കുമൊരമ്മയെ!"

   (മൈക്കലാഞ്ജലോ, മാപ്പ് )

   അടിവരയിട്ട പ്രയോഗത്തിന്റെ അർത്ഥമെന്ത് ?

   - അതിരറ്റ ആഹ്ലാദം
   - അസഹ്യമായ ദുഃഖഭാരം
   - ഭാരം ചുമക്കാനുള്ള കരുത്ത്
   - ജീവിതവിരക്തി

2. 'ഞാൻ ചവർക്കൂമ്പാരത്തിൽ കൈയിട്ടിളക്കും.' ചവർക്കൂമ്പാരം എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത് ?

   - ചവറും കൂമ്പാരവും
   - ചവറായ കൂമ്പാരം
   - ചവറിന്റെ കൂമ്പാരം
   - ചവറിലുള്ള കൂമ്പാരം

3. പുഷ്കരനെ വിഡ്ഢി എന്ന് വിശേഷിപ്പിച്ചതിന് യോജിച്ച കാരണം കണ്ടെത്തുക.

   - മിത്രത്തിനുവേണ്ടി ശത്രുക്കളോട് പോരാടുന്നു.
   - കലിയുടെ പ്രലോഭനങ്ങളെ അവഗണിക്കുന്നു.
   - അതിഥികൾ ആരാണെന്നറിയാതെ മനസ്സിലുള്ളതെല്ലാം വെളിപ്പെടുത്തുന്നു.
   - അധികാരക്കൊതിയില്ലാതെ അലസജീവിതം നയിക്കുന്നു.

Score

4. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായി പിരിച്ചെഴുതിയത് ഏത് ?

- കണ്ണുനീർ - കണ്ണ്, നീർ
- സുഖോദയം - സുഖ, ഓദയം
- മധുരമായ - മധുരം, മായ
- ധീരനായ - ധീര, ആയ

5. "ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ

മായുകില്ലെന്റെ ചൈതന്യവീചികൾ!"

അടിവരയിട്ട വരിയിലെ ആശയമെന്ത് ?

- കവിത ഈശ്വരചൈതന്യമുള്ളതാണ്.
- കവിത കാലാതിവർത്തിയായി നിലനിൽക്കും.
- കവിക്ക് മായാത്ത ചൈതന്യം ആവിഷ്കരിക്കാനാവില്ല.
- കവിതയുടെ ആത്മചൈതന്യമെന്തെന്ന് കവിയ്ക്കറിയില്ല.

exam WINNER

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** 2x2=

6. "ഇപ്പോൾ അവന്ന് എന്നെ കണ്ടുകൂടാതായി. അവൻ എന്നെ 'കുഠം' പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു." (ഞാൻ കഥാകാരനായ കഥ)

- ഈ വാക്യങ്ങളിൽ തെളിയുന്ന അമ്മയുടെ മാനസികാവസ്ഥ കണ്ടെത്തിയെഴുതുക.

7. "കോടി കോടി പുരുഷാന്തരങ്ങളിൽ-

ക്കൂടി നേടിയതാണതിൻ ശക്തികൾ"

(അശ്വമേധം)

- സർഗശക്തി അജയ്യമാണെന്ന കവിയുടെ വിശ്വാസത്തിന്റെ കാരണമെന്താവും ? വരികൾ വിശകലനം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

8. "എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു." (അക്കർമാശി)

- ഈ വാക്കുകളിൽ തെളിയുന്ന ജീവിതപാഠം എന്ത് ? വ്യക്തമാക്കുക.

9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 **എണ്ണത്തിന്** ഉത്തരമെഴുതുക. (അരപ്പുറം വീതം) Score 5x4=20

9. "വായ് പൊളിക്കൂ... സിംഹക്കുട്ടീ, നിന്റെ പല്ല് ഞാൻ എണ്ണട്ടെ."

"എന്റെ അച്ഛൻ ദുഷ്ഷന്തനാണ്, താനല്ല."

(ഋതുയോഗം)

- കുട്ടിത്തത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് സർവദമനനിൽ കാണുന്നത് ? മുകളിൽ നൽകിയ സന്ദർഭങ്ങളും പാഠഭാഗവും പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

10. "കൊടുത്തതു മാത്രമേ നേടാനൊക്കൂ, അല്ലേ സുധീർ ? ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ." (മിസ്സിസ് തലത്ത്)

തന്നിരിക്കുന്ന സന്ദർഭവും കഥയും വിശകലനം ചെയ്ത് വിശ്വരൂപം എന്ന കഥയുടെ സമകാലിക പ്രസക്തി വിലയിരുത്തുക.

11. "എന്റെ സ്നേഹിതാ, ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്കു തോട്ടത്തിലൂടെ കടന്നുപോരണമെന്നില്ല; തെരുവിലേക്കുള്ള വാതിലിലൂടെത്തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം."

'പാവങ്ങളി' ലെ മെത്രാന്റെ ജീവിതം സമൂഹത്തിന് നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം ? പാഠഭാഗം വിശകലനം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

12. "എന്റെ ജീവിതം അവൾ ഏതോ ശാപംകൊണ്ടു നിറയ്ക്കുകയായിരുന്നു. എനിക്കങ്ങനെയാണ് തോന്നുന്നത്. എന്നിട്ടും എനിക്കവളെ വെറുക്കാൻ കഴിഞ്ഞില്ല. ഞാനെന്റെ ജീവിതത്തിൽ കണ്ടിട്ടുള്ള ഏറ്റവും നല്ല സ്ത്രീ അവളായിരുന്നു."

(ദസ്തയേവ്സ്കി)

പ്രസാദാത്മകമായ ജീവിതവീക്ഷണമാണ് 'ആത്മാവിന്റെ വെളിപാടുകളിൽ' തെളിയുന്നത്. ഈ നിരീക്ഷണത്തോട് പ്രതികരിച്ച് കുറിപ്പ് തയ്യാറാക്കുക.

13. "കിഴവൻ മിറൽ സ്വന്തം ഹൃദയം തിളയ്ക്കുന്നതറിഞ്ഞുകൊണ്ട് ജൂലിയാനയുടെ ചലനങ്ങൾ കണ്ണിമവെട്ടാതെ നോക്കിയിരിക്കുകയായിരുന്നു."

"ഘടികാരത്തിന്റെ നെഞ്ചിടിപ്പിനെയും ഏറ്റവും നനുത്ത നിശ്വാസങ്ങളെയും റാന്തൽ നാളത്തിന്റെ ഉലച്ചിലിനെപ്പോലും ഉച്ചത്തിലാക്കാൻ കഴിവുള്ള ഒരു മൗനത്തിൽ."

(ഉരുളക്കിഴങ്ങ് തിന്നുന്നവർ)

- കഥാപാത്രങ്ങളുടെ ആത്മസംഘർഷങ്ങൾ വികാരതീവ്രമായി ആവിഷ്കരിക്കുന്നതിന് ഇത്തരം വാക്യപ്രയോഗങ്ങൾ പര്യാപ്തമാണോ ? നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

Score

14. ''ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽനിന്ന് ഏറ്റുവാങ്ങി. ''

യാത്രയുടെയും വേർപാടിന്റെയും ഉറഞ്ഞുകൂടിയ ദുഃഖത്തിന്റെയും കഥയാണ് 'കടൽത്തീരത്ത്'. നൽകിയ സന്ദർഭവും കഥയും അടിസ്ഥാനമാക്കി പ്രസ്താവനയുടെ സാധുത വിലയിരുത്തുക.

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. (ഒരു പുറം വീതം) 2x6=12

15. • ''ഒരുത്തൻ പാപകർമ്മം ചെയ്തീടിലതിൻഫലം

പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെത്തട്ടും.''

• ''കോപമാകുന്നതു വിത്തെന്നറിയണം

പാപമാകുന്ന മരാമരത്തിനെ ടോ''

• ''സംസാരകാരിണിയായതവിദ്യയും

സംസാരനാശിനിയായതു വിദ്യയും.''

(എഴുത്തച്ഛൻ)

തന്നിരിക്കുന്ന വരികളും ലക്ഷ്മണ സാന്ത്വനം എന്ന പാഠഭാഗവും വിശകലനം ചെയ്ത് എഴുത്തച്ഛൻ കൃതികളിലെ ജീവിത ദർശനത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

16. ''മഹാത്മാവായ ഭീഷ്മരുടെ സൈന്യാധിപത്യത്തിൽ ആദ്യം വിവരിച്ച വ്യവസ്ഥകളോടെ തുടങ്ങിയ ആ ധർമ്മയുദ്ധം പതിനെട്ടാം ദിവസം രാത്രി ഒടുക്കത്തെ സേനാപതിയായ അശ്വത്ഥാമാവ് നടത്തിയ ഈ പൈശാചികമായ അറുകൊലയിലാണ് അവസാനിച്ചത് .''

''ഈ ബ്രഹ്മശിരോസ്ത്രം വീണ രാഷ്ട്രത്തിൽ പന്തീരണ്ടുകൊല്ലം മഴപെയ്യില്ല.''

(യുദ്ധത്തിന്റെ പരിണാമം)

തന്നിരിക്കുന്ന സന്ദർഭങ്ങളും സമകാലിക ലോകസാഹചര്യങ്ങളും വിശകലനം ചെയ്ത് 'യുദ്ധം മാനവരാശി നേരിടുന്ന മഹാവിപത്ത് ' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

Score

17. കവിതയുടെ പ്രമേയം, ആസ്വാദനാംശങ്ങൾ, സമകാലിക പ്രസക്തി എന്നിവ പരിഗണിച്ച് ആസ്വാദനം തയ്യാറാക്കുക.

ഞാൻ

പൂവുകളായിരം കീറിമുറിച്ചു ഞാൻ
പൂവിന്റെ സത്യം പഠിക്കാൻ!

ഹൃദയങ്ങളായിരം കൊത്തിനുറുക്കി ഞാൻ
ഹൃദയത്തിൻ തത്ത്വം പഠിക്കാൻ!

ഭൂമിതൻ കന്യയെക്കാട്ടിൽക്കളഞ്ഞു ഞാൻ
ഭൂപാലധർമ്മം പുലർത്താൻ!

ഒരു നൂറു വിഗ്രഹം തച്ചുതകർത്തു ഞാൻ
ഒരു പുതുവിഗ്രഹം തീർക്കാൻ!

നൂറു സഹോദരരെക്കൊന്നു ഞാ;നഞ്ചു-
പേർ 'കുരുക്ഷേത്രം' ജയിക്കാൻ!

പെരുവിരൽ ദക്ഷിണ ചോദിച്ചു ഞാൻ, ശിഷ്യൻ
വിരുതനായ് വില്ലെടുത്തപ്പോൾ!

ദീപങ്ങളൊക്കെക്കെടുത്തി ഞാൻ പ്രാർത്ഥിച്ചു:
"ദീപമേ! നീ നയിച്ചാലും!..."

കുടിയിരുത്തീടുവാൻ ശാന്തിയെ, യുദ്ധത്തിൽ
ചുടലകളെത്ര ഞാൻ തീർത്തു!

ഈ യുഗത്തിന്നിതിഹാസത്തിലുണ്ടെന്റെ-
യീ വീരസാഹസചിത്രം:

ഒരു തത്ത്വശാസ്ത്രത്തിൻ തൈ നട്ടു ഞാ;നെന്നും
പിഴുതുനോക്കുന്നു വേരെണ്ണാൻ!

(ഭൂപാലൻ - രാജാവ്) (ഒ. എൻ. വി. കുറുപ്പ്)

-oOo-